# കേരള സംസ്ഥാന ജലസേചന വകുപ്പ്

## ചിറ്റൂർ ജലസേചന ഉപവിഭാഗം, ചിറ്റൂർ

നമ്പർ: ഡി1/977/2017 തിയ്യതി: 22/02/2019

കേരള ഗവർണ്ണർക്കുവേണ്ടി ചിറ്റൂർപ്പുഴ ജലസേചന ഉപവിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ നമ്പർ.III, ചിറ്റൂർ താഴെ പറയുന്ന പ്രവർത്തികൾക്കുവേണ്ടി 2019 മാർച്ച് 13-ാം തിയ്യതി ഉച്ചക്ക് 2.00 മണിവരെ മൽസരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ താഴെ ഒപ്പിട്ടിട്ടുള്ള അധികാരിയുടെ ഓഫീസിൽ 2019 മാർച്ച് 13-ാം തിയ്യതി ഉച്ചയ്ക്ക് 2.30 മണിക്ക് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദാംശങ്ങളും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 2019 മാർച്ച് 06-ാം തിയ്യതി ഉച്ചക്ക് 1.00 മണിവരെ ഓഫീസ് സമയങ്ങളിൽ രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ജലസേചന വകുപ്പിലെ അംഗീകൃതകരാറുകാർക്കു മാത്രമേ ലഭിക്കുകയുള്ളൂ. ദർഘാസ് പ്രമാണങ്ങളുടെ വില 0700-80-110-99 Revenue ഹെഡിലും GST 12% (SGST 6%, CGST 6%) ഓരോ പ്രവൃത്തിയുടേയും പ്രത്യേകം GST അടച്ച് രശീതുകൾ ഈ കാര്യാലയത്തിൽ ഹാജരാക്കി രേഖാമൂലം അപേക്ഷിച്ചാൽ ദർഘാസ് പ്രമാണങ്ങൾ ലഭിക്കുന്നതാണ്. കരാറുകാരൻ 'ഡി' ക്ലാസും അതിനു മുകളിലുമുള്ളവരായിരിക്കണം. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ആവശ്യമായ നിരതദ്രവ്യം നിയമാനുസൃതമായ രീതിയിൽ കെട്ടിവെച്ച് രേഖകൾ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ചാർത്തേണ്ടതാകുന്നു. അല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. ദർഘാസ് പ്രമാണങ്ങളുടെ വില അടച്ചാൽ യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസുകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസ് മുഖേന അയയ്ക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. തപാൽ തകരാറുകൾ മൂലമോ മറ്റോ കാലതാമസം വന്നാൽ ഈ ഡിപ്പാർട്ടുമെൻറിനു യാതൊരു ഉത്തരവാദിത്വവും ഇല്ല. 2.00 മണിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും ദർഘാസ് കവറിനു പുറത്ത് പ്രവർത്തിയുടെ പേരും നമ്പറും ആലേഖനം ചെയ്യാത്തതും നിരസിക്കുന്നതാണ്.

കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള മറ്റെല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും. ഓരോ പ്രവർത്തിക്കും സമർപ്പിക്കുന്ന ദർഘാസ് പ്രമാണങ്ങളോടൊപ്പം 200/- രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ടൈപ്പ് ചെയ്ത് പൂരിപ്പിച്ച് അടക്കം ചെയ്യേണ്ടതും അല്ലാത്തവ നിരസിക്കുന്നതുമായിരിക്കും.

എം.പി. അബ്ദുൽ മുനീർ

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(കേരള ഗവർണർക്കു വേണ്ടി)

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

കാര്യാലയം, ജലസേചന ഉപവിഭാഗം നമ്പർ.III, ചിറ്റൂർ

Scanned by CamScanner

| ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിരതദ്രവ്യം | ദർഘാസ് ഫോറത്തിൻെറ വില | പ്രവൃത്തിയുടെ കാലാവധി |
|---|---|---|---|
| 22/2018-19 | വാളയാർ പദ്ധതി – കൗണ്ടൻകനാൽ ചെയിനേജ് 2/230 കി.മീ. മുതൽ 2/500 വരെയുള്ള ഭാഗത്തെ പുനർനിർമ്മാണം<br>അടങ്കൽ തുക: 2,45,000/-<br>നിരതദ്രവ്യം: 6125/- | 500 രൂപ + ജി.എസ്.ടി | 3 മാസം |
| 23/2018-19 | സി.പി.പി. - 2018-19 വർഷത്തേക്കുള്ള കോൺക്രീറ്റ് അതിർത്തി കല്ലുകളുടെ നിർമ്മാണപ്രവർത്തികൾ<br>അടങ്കൽ തുക: 3,00,000/-<br>നിരതദ്രവ്യം: 7500/- | 600 രൂപ + ജി.എസ്.ടി | 6 മാസം |

എം.പി. അബ്ദുൽ മുനീർ

അസിസ്റ്റൻറ് എക്സിക്യുട്ടീവ് എഞ്ചിനീയർ

(കേരള ഗവർണർക്കു വേണ്ടി)

Scanned by CamScanner

Scanned by CamScanner